ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ

20 [T3425] ശ്രീ. കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ
ശ്രീ. കെ. മോഹനൻ കുമാർ:
,, ടി. എൻ. പ്രതാപൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് എത്തൊക്കെയാണ് കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നു;

(ബി) പ്രതിവർഷം എന്തു തുകയ്ക്കുള്ള കരകൗശല വസ്തുക്കൾ ടൂറിസ്റ്റുകൾ വാങ്ങുന്നുണ്ട്;

(സി) ടൂറിസ്റ്റുകൾക്കു സംസ്ഥാനത്തെ കരകൗശല ഉൽപ്പന്നങ്ങൾ ഒരു സ്ഥാനത്തുനിന്നു വീക്ഷിക്കത്തക്കവണ്ണം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടൂറിസ്റ്റുസെന്ററുകളിലും സ്ഥിരമായി എക്സിബിഷൻ നടത്താൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ചന്ദനം, ഈട്ടി, റബ്ബർവുഡ് മുതലായ തടികൾ കൊണ്ടുള്ള കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യത്തെ പ്രകീർത്തിക്കുന്ന കലാരൂപങ്ങൾ, ആന, പേപ്പർമാഷ്ടുകൊണ്ടുള്ള കഥകളി രൂപങ്ങൾ, വർണഭംഗിയാർന്ന ശിൽപ്പങ്ങൾ, ബാത്തിക്ക്, ചിത്രങ്ങൾ, ആറൻമുള കണ്ണാടി, വാഴനാരിൽ തീർത്ത ബാഗുകൾ, ചിരട്ടയിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ, വേസ്വർക്, പിത്തള, വെങ്കലം എന്നിവയിലുള്ള വിളക്കുകൾ, പനയോല, ഈറ, കൈതയോല എന്നിവകൊണ്ടുള്ള അലങ്കാര വസ്തുക്കൾ, തുണികളിലും, മുളകളിലുമുള്ള പെയിന്റിംഗുകൾ എന്നിവ നിർമ്മിക്കുന്നു.

(ബി) 2002-2003-ൽ സുരഭിയിലൂടെ 1.5 കോടി രൂപയുടേയും കരകൗശല വികസന കോർപ്പറേഷനിലൂടെ 10.49 കോടി രൂപയുടെ വിൽപ്പന നടന്നതിൽ ഉദ്ദേശ്യം 65% തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ ടൂറിസ്റ്റുകൾ വാങ്ങുകയായിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പ്രധാനമന്ത്രി പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ കേന്ദ്ര നിക്ഷേപം

21 [3426] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ ബഹു. പ്രധാനമന്ത്രി പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ കേന്ദ്ര നിക്ഷേപത്തിൽ എത്ര തുക ഇതിനകം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ മേഖലകൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത തുക ലഭ്യമാക്കുക എന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര നിക്ഷേപം അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന മൂന്നു പ്രോജക്ടുകളാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപത്തിൽ ഉൾപ്പെടുന്നത്. ഇതിന് സംസ്ഥാനത്തിന് പ്രത്യേക തുക അനുവദിക്കാറില്ല. അതായതു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്.

(ബി) താഴെപ്പറയുന്ന മൂന്നു പ്രോജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

(1) കായംകുളം തെർമൽ പ്ലാന്റിന്റെ ഉൽപ്പാദനശേഷി വികസനം

(2) കൊച്ചി റിഫൈനറിയുടെ വികസനം

(3) എൻ. എം. ഡി. സി.-യും. ഐ. ആർ. ഇ.-യും യോജിച്ചുള്ള ധാതുസംസ്കരണവും സിന്തറ്റിക് റൂട്ടൈൽ ഉൽപ്പാദനവും.

(സി) ഇനിയും സാമ്പത്തിക സഹായത്തിനായി വ്യവസായ വകുപ്പ് സമർപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്:

(1) കരകൗശല പദ്ധതിയിൻ കീഴിലുള്ള അർബൻ ഹാത്ത് പദ്ധതി

(2) ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം ഉള്ള 389.11 ലക്ഷം രൂപയുടെ പദ്ധതി

(3) ഹാന്റ്ലൂം എക്സ്പോർട്ട് പ്രകാരം 86 ലക്ഷം രൂപയുടെ പദ്ധതി

(4) കൈത്തറി തൊഴിലാളികളുടെ ഹെൽത്ത് പാക്കേജ് സ്കീമിന് 87.24 ലക്ഷം രൂപയുടെ പദ്ധതി

(5) ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാ സ്ട്രക്ചറൽ ഡെവലപ്പ്മെന്റ് സ്കീം പ്രകാരം 26.67 കോടി രൂപയുടെ പ്രോജക്റ്റ്.

കിൻഫ്ര സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്:

(1) പുതുതായി അടൂരിൽ ഒരു ഫുഡ് പ്രോസസിംഗ് പാർക്ക് സ്ഥാപിക്കുന്നതിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതി.

(2) തിരുവനന്തപുരത്തും കൊച്ചിയിലും ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ.

LIBRARY ARCHIVES Kerala Legislative Assembly